©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2023 നവംബർ 01<br>01st November 2023<br>1199 തുലാം 15<br>15th Thulam 1199<br>1945 കാർത്തികം 10<br>10th Karthika 1945 | നമ്പർ<br>No. | 3529 |

### കേരള സർക്കാർ

### പൊതുഭരണ (അതീവ രഹസ്യ) വകുപ്പ്

### വിജ്ഞാപനം

നമ്പർ. 276/എസ്.സി2/2023/പൊ.ഭ.വ (എസ്.സി) തീയതി 01.11.2023

തിരുവനന്തപുരം

വിവിധ മേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് അവർ സമൂഹത്തിന് നൽകിയ സമഗ്ര സംഭാവനകൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ കേരള പുരസ്കാരങ്ങൾ എന്ന പേരിൽ പരമോന്നത പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേരള ജ്യോതി, കേരള പ്രഭ, കേരള ശ്രീ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായാണ് കേരളപുരസ്കാരങ്ങൾ നൽകുന്നത്. 2023-ലെ കേരളപുരസ്കാരങ്ങൾക്ക് അർഹരായ വ്യക്തികളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| കേരളപുരസ്കാരങ്ങൾ-2023 | | |
|---|---|---|
| **കേരള ജ്യോതി** | | |
| ക്രമ നം. | പേര് | മേഖല |
| 1. | ശ്രീ. ടി. പത്മനാഭൻ | സാഹിത്യം |
| **കേരള പ്രഭ** | | |
| ക്രമ നം. | പേര് | മേഖല |
| 1. | ജസ്റ്റിസ് (റിട്ട.) എം. ഫാത്തിമ ബീവി | സാമൂഹ്യസേവനം & സിവിൽ സർവീസ് |
| 2. | ശ്രീ. നടരാജ കൃഷ്ണമൂർത്തി (സൂര്യ കൃഷ്ണമൂർത്തി) | കല (സൂര്യ ഫെസ്റ്റിവൽ) |
| **കേരള ശ്രീ** | | |
| ക്രമ നം. | പേര് | മേഖല |
| 1. | ശ്രീ. പുനലൂർ സോമരാജൻ | സാമൂഹ്യസേവനം |
| 2. | ഡോ. വി. പി. ഗംഗാധരൻ | ആരോഗ്യം |
| 3. | ശ്രീ. രവി ഡി. സി. | വ്യവസായ-വാണിജ്യം |
| 4. | ശ്രീ. കെ. എം. ചന്ദ്രശേഖർ | സിവിൽ സർവീസ് |
| 5. | പണ്ഡിറ്റ് രമേശ് നാരായൺ | കല (സംഗീതം) |

**ഡോ. വേണു വി**
***ചീഫ് സെക്രട്ടറി***

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

Digitally signed by Veeran T
Date:2023.11.01 08:58:43 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

-65-

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-11-2023

ഇനം നം: 1855

O.A.

വിഷയം : പൊതുഭരണ വകുപ്പ് - 2023-ലെ കേരളപ്പിറവി ദിനത്തിൽ പ്രഖ്യാപിക്കേണ്ട സംസ്ഥാന സർക്കാരിന്റെ പരമോന്നത പുരസ്കാരമായ കേരളാ പുരസ്കാരങ്ങൾക്കായി അവാർഡ് സമിതി ശിപാർശ ചെയ്തിട്ടുള്ള പട്ടിക അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ചീഫ് സെക്രട്ടറിയുടെ കാര്യാലയം, പൊതുഭരണ വകുപ്പ്.

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2023-ലെ കേരളപ്പിറവി ദിനത്തിൽ പ്രഖ്യാപിക്കേണ്ട സംസ്ഥാന സർക്കാരിന്റെ പരമോന്നത പുരസ്കാരമായ കേരളപുരസ്കാരങ്ങളുമായി ബന്ധപ്പെട്ട അവാർഡ് സമിതിയുടെ ശിപാർശ അംഗീകരിക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിലെ പ്രതിപാദ്യം.

2. വിവിധ മേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയിട്ടുള്ള വിശിഷ്ട വ്യക്തിത്വങ്ങൾക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പത്മപുരസ്കാരങ്ങളുടെ മാതൃകയിൽ കേരളപുരസ്കാരങ്ങൾ എന്ന പേരിൽ പരമോന്നത പുരസ്കാരങ്ങൾ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പുരസ്കാരങ്ങളുടെ നിർണ്ണയം, പ്രഖ്യാപനം, വിതരണം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 21.10.2021 തീയതിയിലെ സ.ഉ.(പി) 27/2021/പൊ.ഭ.വ., 22.07.2022 ലെ സ.ഉ.(പി) നം.17/2022/പൊ.ഭ.വ., 01.06.2023-ലെ സ.ഉ.(പി) 7/2023/പൊ.ഭ.വ എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കേരള പുരസ്കാരങ്ങൾ **"കേരള ജ്യോതി", "കേരള പ്രഭ", "കേരള ശ്രീ"** എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായാണ് നൽകുന്നത്.

3. വിവിധ മേഖലകളിലെ സമഗ്രസംഭാവനകൾ കണക്കിലെടുത്ത് ഒന്നാമത്തെ പരമോന്നത സംസ്ഥാന പുരസ്കാരമായ **"കേരള ജ്യോതി" വർഷത്തിൽ ഒരാൾക്കും,** രണ്ടാമത്തെ പരമോന്നത സംസ്ഥാന പുരസ്കാരമായ **"കേരള പ്രഭ" വർഷത്തിൽ രണ്ടുപേർക്കും,** മൂന്നാമത്തെ പരമോന്നത സംസ്ഥാന പുരസ്കാരമായ **"കേരള ശ്രീ" വർഷത്തിൽ അഞ്ചുപേർക്കും** എന്ന ക്രമത്തിൽ നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഓരോ വിഭാഗത്തിലും കൂടുതലായി പുരസ്കാരങ്ങൾ അനുവദിക്കണമെങ്കിൽ തന്നെ ആകെ പുരസ്കാരങ്ങളുടെ എണ്ണം ഒരു വർഷത്തിൽ പത്തിൽ അധികരിക്കുവാൻ പാടില്ലയെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കേരളപുരസ്കാരത്തിന്റെ ഭാഗമായി ക്യാഷ് അവാർഡുകൾ നൽകുന്നതല്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

4. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പുരസ്കാരനിർണ്ണയം നടത്തുന്നത് ചുവടെപ്പറയുന്ന മൂന്ന് തലങ്ങളിലായിട്ടാണ്.

(i) പ്രാഥമിക പരിശോധനാ സമിതി (സെക്രട്ടറിതല സമിതി)
(ii) ദ്വിതീയ പരിശോധന സമിതി
(iii) അവാർഡ് സമിതി.

5. മേൽപ്പറഞ്ഞ സമിതികൾ സെർച്ച് കമ്മിറ്റിയായി കൂടി പ്രവർത്തിക്കുന്നതാണെന്നും ആവശ്യമെങ്കിൽ ഉചിത വ്യക്തികളെ പുരസ്കാരങ്ങൾക്കായി നാമനിർദ്ദേശം ചെയ്യാവുന്നതാണെന്നും പത്മ പുരസ്കാരങ്ങൾ(പത്മ വിഭൂഷൺ, പത്മ ഭൂഷൺ, പത്മ ശ്രീ) നേടിയിട്ടുള്ളവരെ കേരളപുരസ്കാരങ്ങൾക്ക് പരിഗണിക്കേണ്ടതില്ലെന്നും കേരളപുരസ്കാരങ്ങൾക്ക്, സംസ്ഥാനത്ത് പത്ത് വർഷമെങ്കിലും താമസിച്ചുവരുന്ന/താമസിച്ചിരുന്ന ഭാരതപൗരൻമാരെയാണ് പരിഗണിക്കുന്ന തെന്നുമുള്ള വ്യവസ്ഥകൾ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. കേരള പുരസ്കാരങ്ങൾക്കുള്ള നാമനിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 03.06.2023-ന് പുറപ്പെടുവിച്ചിരുന്നു. നാമനിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള അവസായ തീയതി 16.08.2023 വരെയായിരുന്നു. പുരസ്കാരങ്ങൾക്കായുള്ള നാമനിർദ്ദേശങ്ങൾ കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ രൂപകല്പന ചെയ്തിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോമായ www.keralapuraskaram.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയാണ് സമർപ്പിക്കേണ്ടിയിരുന്നത്. വെബ്സൈറ്റിൽ നേരിട്ട സാങ്കേതിക പ്രശ്നം കാരണം പ്രസ്തുത സമയപരിധി 2023 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. നിർദ്ദിഷ്ട സമയപരിധിയ്ക്കകം സാധുതയുള്ള 403 നാമനിർദ്ദേശങ്ങൾ ഓൺലൈനായി ലഭിച്ചിരുന്നു. ഓൺലൈനായി ലഭിച്ച നാമനിർദ്ദേശങ്ങൾ പരിഗണിച്ചും സെർച്ച് കമ്മിറ്റിയായി പ്രവർത്തിച്ചും 40 പേരുടെ പട്ടിക പ്രാഥമിക പരിശോധന സമിതി ശിപാർശ ചെയ്തിരുന്നു. പ്രസ്തുത പട്ടിക വിലയിരുത്തിയും, സെർച്ച് കമ്മിറ്റി എന്ന നിലയിൽ സമിതിയിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ടും ദ്വിതീയ പരിശോധന സമിതി 18 പേരുടെ പട്ടിക അന്തിമ പുരസ്കാര നിർണ്ണയ സമിതിയായ അവാർഡ് സമിതിക്ക് ശിപാർശ ചെയ്തിരുന്നു.

7. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രാഥമിക പരിശോധന സമിതി(സെക്രട്ടറിതല സമിതി)-യുടെ നാമനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ ചുവടെപ്പറയുന്ന മൂന്ന് വ്യക്തികളെ ജൂറി അംഗങ്ങളായി(അവാർഡ് സമിതി) തീരുമാനിച്ചിരുന്നു.

| ക്രമ നം. | പേര് |
|---|---|
| 1. | ശ്രീ. അടൂർ ഗോപാലകൃഷ്ണൻ |
| 2. | ശ്രീ. കെ. ജയകുമാർ (ഐ.എ.എസ്. റിട്ടയേർഡ്) |
| 3. | ഡോ. ജോർജ്ജ് ഓണക്കൂർ |

8. അവാർഡ് സമിതി 29.10.2023-ന് യോഗം ചേർന്ന് ദ്വിതീയ പരിശോധന സമിതി സമർപ്പിച്ച പട്ടിക പരിശോധിച്ചും, സെർച്ച് കമ്മിറ്റി എന്ന നിലയിൽ സമിതിയിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ടും **അനുബന്ധ**ത്തിൽ പറയുന്ന എട്ട് വ്യക്തികളെ (കേരള ജ്യോതി-1, കേരള പ്രഭ-2, കേരള ശ്രീ-5) 2023 വർഷത്തെ കേരളപ്പിറവി ദിനത്തിൽ പ്രഖ്യാപിക്കേണ്ട കേരള പുരസ്കാരങ്ങൾക്കായി ശിപാർശ ചെയ്തിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

2023-ലെ കേരളപ്പിറവി ദിനത്തിൽ പ്രഖ്യാപിക്കേണ്ട, സംസ്ഥാന സർക്കാരിന്റെ പരമോന്നത പുരസ്കാരമായ കേരളപുരസ്കാരങ്ങൾക്കായി അവാർഡ് സമിതി ശിപാർശ ചെയ്തിട്ടുള്ള **അനുബന്ധ** പട്ടിക അംഗീകരിക്കാവുന്നതാണോ ?

**അനുബന്ധം**

| കേരളപുരസ്കാരങ്ങൾ–2023 | | |
|---|---|---|
| **കേരള ജ്യോതി** | | |
| ക്രമ നം. | പേര് | മേഖല |
| 1. | ശ്രീ. ടി. പത്മനാഭൻ | സാഹിത്യം |
| **കേരള പ്രഭ** | | |
| ക്രമ നം. | പേര് | മേഖല |
| 1. | ജസ്റ്റിസ് (റിട്ട.) ഫാത്തിമ ബീവി | സാമൂഹ്യസേവനം & സിവിൽ സർവീസ് |
| 2. | ശ്രീ. നടരാജ കൃഷ്ണമൂർത്തി (സൂര്യ കൃഷ്ണമൂർത്തി) | കല (സൂര്യ ഫെസ്റ്റിവൽ) |
| **കേരള ശ്രീ** | | |
| ക്രമ നം. | പേര് | മേഖല |
| 1. | ശ്രീ. പുനലൂർ സോമരാജൻ | സാമൂഹ്യസേവനം |
| 2. | ഡോ. വി. പി. ഗംഗാധരൻ | ആരോഗ്യം |
| 3. | ശ്രീ. രവി ഡി. സി. | വ്യവസായ–വാണിജ്യം |
| 4. | ശ്രീ. കെ. എം. ചന്ദ്രശേഖർ | സിവിൽ സർവീസ് |
| 5. | പണ്ഡിറ്റ് രമേശ് നാരായൺ | കല (സംഗീതം) |